പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4356 — 24.10.2016 ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകളും സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളും വഴി വിൽക്കുന്ന ഭൂരിപക്ഷം നിത്യോപയോഗ സാധനങ്ങൾക്കും ഗുണനിലവാരമില്ലെന്ന വാർത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സാമ്പിളുകൾക്ക് പകരം സാധനങ്ങളുടെ ഫോട്ടോ കണ്ട് പർച്ചേയ്സ് ഓർഡർ നൽകുന്ന രീതി സപ്ലൈകോ അവലംബിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) പർച്ചേയ്സ് ഓർഡർ നൽകുന്നതിന് മുമ്പ് സാമ്പിളുകൾ ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് വ്യവസ്ഥയുണ്ടോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ ഗുണ നിലവാരമുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (ഡി) സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സപ്ലൈകോയുടെ ക്വാളിറ്റി മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ എത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ യഥാസമയങ്ങളിൽ കോന്നിയിലുള്ള CFRD ലാബിലും, റീജിയണൽ അനലിറ്റിക്കൽ ലാബിലും റാൻഡമായി സാമ്പിളുകൾ പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ